# വിശ്വാസപരിശീലനകേന്ദ്രം

1. **വിശ്വാസപ്രഖ്യാപന ദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം **2026 ഫെബ്രുവരി 01-ാം തീയതി ഞായറാഴ്ചയോ,** സൗകര്യപ്രദമായ മറ്റൊരു ദിവസമോ നടത്താവുന്നതാണ് (www.catechismernakulam.com എന്ന വെബ്സൈറ്റോ or വചനദീപത്തിലെ 110-113 വരെയുള്ള പേജുകളോ കാണുക).

2. **സന്മാർഗ്ഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ: IV, VII, X & XII** ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സന്മാർഗ്ഗബോധന സ്കോളർഷിപ്പ് പരീക്ഷ **2026 ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ.** സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന സെന്ററുകൾ അറിയിക്കുന്നതാണ്.

3. **വിശ്വാസപരിശീലനത്തിന്റെ ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള പരീക്ഷ 2026 ഫെബ്രുവരി 22-ാം തീയതി ഞായറാഴ്ച 10.30 am മുതൽ 12.30 pm വരെയാണ്.**

4. **രണ്ടാം സെമസ്റ്റർ പരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2025 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ നടത്തി. പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയുടെയും പന്ത്രണ്ടാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയുടെയും ഉത്തരക്കടലാസ്സുകളുടെ പരിശോധന ഫെബ്രുവരി 11-നു മുമ്പ് നടത്തി മാർക്ക് ലിസ്റ്റുകളും, 80 ശതമാനവും അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം (വചനദീപം, പേജ് 40,41 നോക്കുക).

   XI-ാം ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും ഫെബ്രുവരി 11-ാം തീയതിക്കകം അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. **മാർക്ക് ലിസ്റ്റിൽ പള്ളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല.** ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാ തലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (വചനദീപം, പേജ് 37-38, 41, 46). സ്കോളർഷി

പ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

5. **പുനഃപരീക്ഷ: X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ** ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുളള **പുനഃപരീക്ഷ 2026 ഏപ്രിൽ 19-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. XI-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഫെബ്രുവരി 09-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**